**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5625** **16-03-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | മലപ്പുറം ജില്ലിയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്ത 06.12.2022, 16.12.2022, 30.12.2022 എന്നീ തീയതികളിലെ നാല് പ്രതീക്ഷിത ഒഴിവുകൾ ഏത് തീയതികളിലാണ് യഥാർത്ഥ ഒഴിവുകളായി മാറുന്നതെന്ന് അറിയിക്കാമോ; ഇവ കൂടാതെ പ്രസ്തുത ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ മറ്റ് പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്ത് ലഭിച്ചിട്ടുണ്ടെങ്കിൽ അവ യഥാർത്ഥ ഒഴിവുകളായി മാറുന്ന തീയതികളും ഒഴിവുകൾ സംബന്ധിച്ച വിവരവും ലഭ്യമാക്കുമോ; | (എ) | 06.12.2022, 16.12.2022, 30.12.2022 എന്നീ തീയതികളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ യഥാക്രമം 01.06.2023, 01.06.2023, 01.02.2023 & 01.06.2023 എന്നീ തീയതികളിൽ യഥാർത്ഥ ഒഴിവുകളായി മാറുന്നതാണ്. ടി ഒഴിവുകൾ കൂടാതെ മറ്റ പ്രതീക്ഷിത ഒഴിവുകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല . |
| (ബി) | പ്രസ്തുത ജില്ലയിലെ ഓഫീസുകളിൽ എൽ.ഡി. ടൈപ്പിസ്റ്റുമാരുടെ അനുവദനീയമായ തസ്തികകളിൽ ഓരോ ഓഫീസിലും ഇപ്പോൾ എത്രപേർ വീതം ജോലി ചെയ്യുന്നുണ്ടെന്നും എത്ര ഒഴിവുകളുണ്ടെന്നും ഓഫീസ് തിരിച്ച് വിശാദാംശം ലഭ്യമാക്കുമോ? | (ബി) | ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അവ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഓരോ ജില്ലയിലെയും ഓരോ ഓഫീസുകളിലെയും ആകെ തസ്തികകളുടെയും ഒഴിവുകളുടെയും എണ്ണം ക്രോഡീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ